# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 31** **07.08.2017 ലെ മറുപടിയ്ക്ക്**

## സ്വാതന്ത്ര്യസമര പെൻഷനും ആശ്രിത പെൻഷനും

| **ചോദ്യം** | **മറുപടി** |
| --- | --- |
| **ശ്രീ.എം.രാജഗോപാലൻ** | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) സംസ്ഥാനത്ത് എത്ര പേർ സ്വാതന്ത്ര്യസമര പെൻഷനും ഈ പെൻഷന് അർഹരായവർ മരിക്കുമ്പോൾ ലഭിക്കുന്ന ആശ്രിത പെൻഷനും വാങ്ങുന്നുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; ഇപ്പോൾ സംസ്ഥാന,കേന്ദ്ര പെൻഷൻ എത്ര തുകയാണ് അനുവദിക്കുന്നതെന്നും വ്യക്തമാക്കാമോ? | (എ) സംസ്ഥാനത്ത് നിലവിൽ സ്വാതന്ത്ര്യ സമര പെൻഷനും അതുമായി ബന്ധപ്പെട്ട തുടർ പെൻഷനും വാങ്ങുന്നവരുടെ ജില്ല തിരിച്ചുള്ള വിശദമായ വിവരങ്ങൾ ശേഖരിച്ചു വരുന്നു.<br><br>കേരള സ്വാതന്ത്ര്യ സമര സേനാനി പെൻഷൻ തുക പ്രതിമാസം 10800/- രൂപയാണ്. കേന്ദ്ര പെൻഷൻ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>ആൻഡമാൻ നിക്കോബാർ ജയിലിൽ തടവുകാരായി കഴിഞ്ഞവർ/ ഇങ്ങനെ തടവുകാരായി മരിച്ചവരുടെ ഭാര്യ/ഭർത്താവ് എന്നിവർക്ക് പ്രതിമാസം 30,600/- രൂപയും ബ്രിട്ടീഷ് ഇന്ത്യയ്ക്ക് പുറത്ത് തടവ് അനുഭവിക്കേണ്ടി വന്ന സ്വാതന്ത്ര്യ സമര ഭടൻമാർ, അവരുടെ മരണമടഞ്ഞവരുടെ ഭാര്യ/ഭർത്താവ് എന്നിവർക്ക് പ്രതിമാസം 28,560/- രൂപയും ഇന്ത്യൻ നാഷണൽ ആർമി |

അംഗങ്ങൾ അടക്കമുള്ള സ്വാതന്ത്ര്യ സമര സേനാനികൾക്ക് അവരിൽ മരണമടഞ്ഞവരുടെ ഭാര്യ/ഭർത്താവ് എന്നിവർക്ക് 26,520/- രൂപയും സ്വാതന്ത്ര്യ സമര സേനാനികളുടെ ആശ്രിതരായ അച്ഛനമ്മമാർ, അവിവാഹിതകളും തൊഴിൽ രഹിതരുമായ പെൺമക്കൾ എന്നിവർക്ക് സ്വാതന്ത്ര്യ സമര സേനാനികൾക്ക് അനുവദിക്കാവുന്ന തുകയുടെ 50% അതായത് 13,260/-നും 15,300/- ഇടയ്ക്കുള്ള പരിധിയിലും സ്വതന്ത്രതാ സൈനിക് സമ്മാൻ പെൻഷൻ/തുടർ പെൻഷൻ നൽകി വരുന്നു.

സെക്ഷൻ ഓഫീസർ